## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3828** 15-05-2017 -ൽ മറുപടിക്ക്

### വരൾച്ചാ കെടുതികളെപ്പറ്റി കേന്ദ്ര സംഘത്തിനു സമർപ്പിച്ച റിപ്പോർട്ട്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ. കൃഷ്ണൻകുട്ടി** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ മന്ത്രി)** |
| | വരൾച്ചാ കെടുതികളെപ്പറ്റി കേന്ദ്ര സംഘത്തിനു സമർപ്പിച്ച റിപ്പോർട്ടിൽ എത്ര രൂപയുടെ നഷ്ടമാണ് രേഖപ്പെടുത്തിയിട്ടുള്ളത്; കേന്ദ്ര സംഘത്തിനു സമർപ്പിച്ച റിപ്പോർട്ടിന്റെയും കേന്ദ്ര സംഘം നൽകിയ വിലയിരുത്തൽ റിപ്പോർട്ടിന്റെയും കോപ്പി നൽകാമോ? | | വരൾച്ച മൂലം നഷ്ടം കണക്കാക്കാവുന്നത് പ്രധാനമായും കാർഷിക മേഖല, മൃഗ സംരക്ഷണ മേഖല, മത്സ്യ ബന്ധന മേഖല, വൈദ്യുതി മേഖല എന്നിവയിലാണ്. പൂർണ്ണമായും വരൾച്ചയുടെ നാശനഷ്ടം വിലയിരുത്തുക എന്നത് അസാധ്യവുമാണ്. വിവിധ വകുപ്പുകളിൽ നിന്ന് ശേഖരിച്ച വരൾച്ച മൂലമുള്ള നാശനഷ്ടങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് മെമ്മോറാണ്ടം തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത മെമ്മോറാണ്ടത്തിൽ എല്ലാ മേഖലയിലുമായി ഏകദേശം 2651.9 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. എന്നാൽ 'ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം' പ്രകാരം കേരളം ആവശ്യപ്പെട്ടത് 992 കോടി രൂപയാണ്. കേന്ദ്രസംഘം വരൾച്ചാ സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി 2017 ഏപ്രിൽ 19 മുതൽ 21 വരെ സംസ്ഥാനത്ത് സന്ദർശനം നടത്തിയിരുന്നു. എന്നാൽ ഇക്കാര്യത്തിൽ കേന്ദ്ര പ്രതികരണം അറിവായിട്ടില്ല. കേന്ദ്രത്തിന് സമർപ്പിച്ച വരൾച്ചാ മെമ്മോറാണ്ടം ഒട്ടനവധി പേജുകൾ ഉൾക്കൊള്ളുന്നതാകയാൽ ആയതിന്റെ മതിയായ എണ്ണം പകർപ്പുകൾ അച്ചടിച്ച് സൂക്ഷിച്ചിട്ടില്ല. പ്രസ്തുത മെമ്മോറാണ്ടത്തിന്റെ പകർപ്പ് ഇ-മെയിലായി അയച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ